പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2168

11/02/2020 ൽ മറുപടി നല്കേണ്ടത്.

## ഫോർമലിൻ കലർന്നതും പഴകിയതുമായ മത്സ്യങ്ങളുടെ വിൽപന

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) ഫോർമലിൻ കലർന്നതും പഴകിയതുമായ മത്സ്യങ്ങളുടെ വിൽപന വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ആരോഗ്യത്തിന് ഹാനികരമായ ഇത്തരം മത്സ്യവിൽപന തടയുവാൻ ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (എ) & (ബി) | ഫോർമാലിൻ കലർന്നതും പഴകിയതുമായ മത്സ്യങ്ങളുടെ വിൽപന ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ, ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ ചേർക്കാത്തതുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി'. ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ സഹായം ലഭിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഹാർബറുകളിലും, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങളിലും, മത്സ്യ മാർക്കറ്റുകളിലും പരിശോധന നടത്തിവരുന്നു.<br><br>Central Institute of Fisheries Technologies (CIFT) വികസിപ്പിച്ചെടുത്ത ഫോർമാലിൻ/ അമോണിയ ഡിറ്റെക്ഷൻ കിറ്റ് ഉപയോഗിച്ച് മത്സ്യമാർക്കറ്റുകളിൽ തൽസമയ പരിശോധനകളും മത്സ്യം, ഐസ് എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ വിശദപരിശോധനയും നടത്തി വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു |

ശേഷം ഓപ്പറേഷൻ സാഗർ റാണിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഒട്ടാകെ ഭക്ഷ്യസുരക്ഷാ വകുപ്പ് 2103 പരിശോധനകൾ നടത്തുകയും മത്സ്യത്തിന്റെ 1584 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകളിൽ അയച്ച് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ Central Institute of Fisheries Technologies (CIFT) വികസിപ്പിച്ചെടുത്ത സ്ട്രിപ്പ് ഉപയോഗിച്ച് സംസ്ഥാനത്ത് ഒട്ടാകെ 1967 മത്സ്യ സാമ്പിളുകളിലും പരിശോധന നടത്തിയിട്ടു ണ്ട്. ആയതിൻപ്രകാരം രാസപദാർത്ഥങ്ങൾ കലർന്നതും പഴകിയതുമായ മത്സ്യം വിൽപന നടത്തുന്നവർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമ നട പടികൾ സ്വീകരിച്ച് വരുന്നു..

സെക്ഷൻ ഓഫീസർ